4

11502
11/11/20

File No.CLAD-C3/103/2020-CLAD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>

സാംസ്കാരികകാര്യ വകുപ്പ്-കോവിഡ്- 1 9 നിയന്ത്രണങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്നതും ഇതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 30000 കലാകാരൻമാർക്ക് കൂടി സമാശ്വാസ ധനസഹായമായി 1000/- രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് 3,00,00,000/- രൂപ (മൂന്ന് കോടി രൂപ മാത്രം) ലഭ്യമാക്കിക്കൊണ്ട് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി-അംഗീകാരം നൽകി ഉത്തരവാകുന്നു.

സാംസ്കാരികകാര്യ (സി) വകുപ്പ്

സ.ഉ.(കൈ) നം.13/2020/സാം.കാ.വ തീയതി,തിരുവനന്തപുരം, 05.11.2020

പരാമർശം:- 1 സ.ഉ.(സാധ) നം.191/2020/സാം.കാവ. തീയതി 16.04.2020.

2 സ.ഉ.(സാധ) നം.2947/2020/ധന. തീയതി 5.05.2020.

3 സാംസ്കാരിക ഡയറക്ടറുടെ 13.04.2020, 24.08.2020-തീയതികളിലെ പി2-2250/20/സാം.കാ.വ. നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

സാംസ്കാരികകാര്യ വകുപ്പിൻ കീഴിലെ വിവിധ അക്കാദമികളുടെ 2020-21 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 25% തുക ധന പുനർവിനിയോഗം നടത്തി ലഭ്യമായ 6 4 5 ലക്ഷം രൂപ (അറുന്നൂറ്റിനാല്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് അക്കാദമികളിൽ അപേക്ഷ നൽകിയ 32,000 കലാ പ്രവർത്തകർക്ക് 1000/- രൂപ വീതം 2 മാസത്തേയ്ക്ക് ധനസഹായം ലഭ്യമാക്കാനുള്ള സാംസ്കാരിക വകുപ്പിന്റെ സമാശ്വാസ പദ്ധതി പരാമർശം ഒന്ന് ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

എന്നാൽ അക്കാഡമികളുമായോ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡുമായോ ബന്ധമില്ലാത്ത സിനിമാ - സീരിയൽ, മാജിക്, ഗാനമേള തുടങ്ങിയ വിവിധങ്ങളായ കലാ സാംസ്കാരിക പ്രവർത്തകരുടെയും ഈ ഗണത്തിലൊന്നും തന്നെ പരിഗണിക്കുവാൻ സാധിക്കാത്ത നിരവധി പ്രാദേശിക കലാകാരൻമാരുടെയും ഉപജീവനത്തിനായുള്ള അപേക്ഷകൾ ലഭിക്കുന്നതിനാൽ ഇത്തരത്തിലുള്ള അർഹരായവർക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോവിഡ്- 19 നിയന്ത്രണങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്നതും ഇതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 30000 കലാകാരൻമാർക്ക് കൂടി സമാശ്വാസ ധനസഹായമായി 1000/- രൂപ വീതം. ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സാംസ്കാരിക വകുപ്പ ഡയറക്ടർ ക്ക് 3,00,00,000/- രൂപ (മൂന്ന് കോടി രൂപ മാത്രം) ലഭ്യമാക്കിക്കൊണ്ട് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു.

മുൻ പറഞ്ഞ പദ്ധതിക്ക് ആവശ്യമായ തുക ബഹു: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് റവന്യൂ ( ഡി. ആർ . എഫ് ) വകുപ്പ ലഭ്യമാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോര്ജ്ജ്
സെക്രട്ടറി

ഡയറക്ടർ. സാംസ്കാരിക വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള. തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ്
റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്(6.10.2020-ലെ ഡിആർഎഫ്-എ4/234/2020-റവ. പ്രകാരം)
ധനകാര്യ വകുപ്പ്(17.04.2020-ലെ എഡ്യൂസി3/106/2020-ധന. പ്രകാരം)
വിവരപൊതുജന സമ്പർക്ക വകുപ്പ്(വെബ് & ന്യൂ മീഡിയ)
ജില്ലാ ട്രഷറി ഓഫീസർ. തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

AS
Rd
5/11/20

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-11-2020

ഫയൽ നം. 103/സി3/2020/സാം.കാ.വ.

ഇനം നം: 4302

വിഷയം : സാംസ്കാരികകാര്യ വകുപ്പ് - കോവിഡ്-19 നിയന്ത്രണങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്നതും ഇതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 30,000 കലാകാരന്മാർക്ക് കൂടി സമാശ്വാസ ധനസഹായമായി 1000/- രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് 3,00,00,000/- രൂപ (മൂന്ന് കോടി രൂപ മാത്രം) ലഭ്യമാക്കിക്കൊണ്ട് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

5/11/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

**കേരള സർക്കാർ**

**ശ്രീ.പിണറായി വിജയൻ മന്ത്രിസഭ**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **103/സി3/2020/സാം.കാ.വ** |
| 2 | വകുപ്പ് | : | സാംസ്കാരികകാര്യ (സി) വകുപ്പ് |
| 3 | വിഷയം | : | കോവിഡ്-19 നിയന്ത്രണങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്നതും ഇതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 30,000 കലാകാരൻമാർക്ക് കൂടി സമാശ്വാസ ധനസഹായമായി 1000/- രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് 3,00,00,000/- രൂപ (മൂന്ന് കോടി രൂപ മാത്രം) ലഭ്യമാക്കിക്കൊണ്ട് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 25/09/20 |
| 5 | 1. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>2. സാമ്പത്തികബാദ്ധ്യത യുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. അജിത്.കെ.ജോസഫ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി റാണി ജോർജ്ജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19/10/20 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28/10/20 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എ. കെ. ബാലൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 29/10/20 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30/10/20 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോവിഡ്-19 നിയന്ത്രണങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്നതും ഇതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 30,000 കലാകാരൻമാർക്ക് കൂടി സമാശ്വാസ ധനസഹായമായി 1000/- രൂപ വീതം, ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് 3,00,00,000/- രൂപ (മൂന്ന് കോടി രൂപ മാത്രം) ലഭ്യമാക്കിക്കൊണ്ട് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. സാംസ്കാരികകാര്യ വകുപ്പിൻകീഴിലെ വിവിധ അക്കാദമികളുടെ 2020-21 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 25% തുക ധന പുനർ വിനിയോഗം നടത്തി ലഭ്യമായ 645 ലക്ഷം രൂപ (അറുന്നൂറ്റിനാല്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് അക്കാദമികളിൽ അപേക്ഷ നൽകിയ 32,000 കലാ പ്രവർത്തകർക്ക് 1000/- രൂപ വീതം (ആയിരം രൂപ മാത്രം) 2 മാസത്തേയ്ക്ക് ധനസഹായം, സാംസ്കാരിക ഡയറക്ടർ മുഖേന നൽകുന്ന സാംസ്കാരിക വകുപ്പിന്റെ സമാശ്വാസ പദ്ധതി സ.ഉ.(സാധാ) 191/2020/സാം.കാ.വ. തീയതി 16.04.2020 പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

3. എന്നാൽ അക്കാഡമികളുമായോ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡുമായോ ബന്ധമില്ലാത്ത സിനിമാ - സീരിയൽ, മാജിക്, ഗാന മേള തുടങ്ങിയ വിവിധങ്ങളായ കലാ സാംസ്കാരിക പ്രവർത്തകരുടെയും ഈ ഗണത്തിലൊന്നും തന്നെ പരിഗണിക്കുവാൻ സാധിക്കാത്ത നിരവധി പ്രാദേശികകലാകാരൻമാരുടെയും ഉപജീവനത്തിനായുള്ള അപേക്ഷകൾ ലഭിക്കുന്നതിനാൽ ഇത്തരത്തിലുള്ള അവശേഷിക്കുന്ന 50,000 ഓളം കലാകാരന്മാരിൽ അർഹരായവർക്ക് 1000/- രൂപ വീതം 2 മാസം ധനസഹായം നൽകുന്നതിന് 10 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

> "റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് CMDRF ൽ നിന്നും തുക അനുവദിക്കുന്നതെന്നതിനാൽ റവന്യൂ (ഡി.ആർ.എഫ്.) വകുപ്പിന്റെ അഭിപ്രായം സഹിതം അടിയന്തിരമായി ഫയൽ പുന:സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു. "

4. ആയത് പ്രകാരം റവന്യൂ (ഡി.ആർ.എഫ്.) വകുപ്പിന് ഫയൽ അഭിപ്രായത്തിനായി സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ പൊതു ഉത്തരവ് നൽകിയിട്ടുള്ളതിനാൽ റവന്യൂ വകുപ്പ് ഫയൽ മടക്കുകയുണ്ടായി.പ്രസ്തുത പൊതു ഉത്തരവ് പ്രകാരം മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഒന്നും ലഭിക്കാത്ത BPL (PHH), AAY കുടുംബങ്ങൾക്കാണ് 1000/- രൂപ അനുവദിക്കുന്നതെന്നും കലാകാരന്മാരുടെ പ്രശ്നം വ്യത്യസ്തമാണെന്നും ലോക് ഡൗൺ മൂലം ഒരു വർഷത്തെ പ്രധാന വരുമാനം നഷ്ടപ്പെട്ട സാഹചര്യത്തിൽ വിഷയം പുന:പരിശോധിച്ച് ആവശ്യമായ റിമാർക്സ് നൽകണമെന്ന് റവന്യൂ വകുപ്പിനോട് വീണ്ടും അഭ്യർത്ഥിക്കുകയുണ്ടായി. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് റവന്യൂ വകുപ്പിന് നൽകിയ റിമാർക്സ് സഹിതം ഫയൽ തിരികെ സാംസ്കാരികകാര്യ വകുപ്പിന് നൽകുകയുണ്ടായി. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്", വിവിധ കലാ സാംസ്കാരിക അക്കാദമികൾ എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരും എന്നാൽ കോവിഡ്-19 മഹാമാരി മൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ടവരുമായ കലാകാരന്മാർക്ക് ഒരു സമാശ്വാസ തുകയായി പ്രതിമാസം 1000/-വീതം രണ്ട് മാസത്തേയ്ക്ക് ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്നതിനുള്ള പദ്ധതി 05.05.2020-ലെ സ.ഉ.(സാധാ) നം.2947/2020/ധന ഉത്തരവിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുകയില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. എന്നാൽ, കോവിഡ്-19 മഹാമാരി മൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കലാകാരൻമാർക്ക് പ്രതിമാസം 1000/-രൂപ വീതം രണ്ട് മാസം അടിയന്തിര ധന സഹായം ലഭ്യമാക്കുന്നതാണെന്ന് ബഹു.മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ വിഭാഗത്തിലുള്ള കലാകാരൻമാർക്ക് ധന സഹായം നൽകുന്നതിന് ധനകാര്യ വകുപ്പിന് വിയോജിപ്പില്ല എന്നും അറിയിക്കുന്നു.*

*എന്നാൽ, 05.05.2020-ലെ സ.ഉ.(സാധാ) നം.2947/2020/ധന ഉത്തരവിന്റെ പരിധിയിൽ മേല്പറഞ്ഞ കലാകാരന്മാരുടെ കുടുംബങ്ങളും ഉൾപ്പെടാൻ സാധ്യതയുണ്ട്. ആയതിനാൽ സാമൂഹ്യ സുരക്ഷാ പെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കുന്നവരെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ല എന്നും മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള 1000/-രൂപ ലഭിക്കുന്ന കുടുംബത്തിലെ അംഗമായ കലാകാരന് ബാക്കി 1000/-രൂപയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കു എന്ന നിലയിലും മേൽ സഹായം പരിമിതപ്പെടുത്തേണ്ടതുണ്ട്. കലാകാരന്മാർക്ക് സമാശ്വാസം അനുവദിക്കുന്ന പദ്ധതിയിൽ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനായി ആധാർ അധിഷ്ഠിത ഡി.ബി.ടി. മാർഗ്ഗങ്ങൾ അവലംബിച്ചു മാത്രമേ ധന സഹായം അനുവദിക്കാവൂ എന്നത് ഭരണ വകുപ്പിന്റെ (സാംസ്കാരിക കാര്യ വകുപ്പ്) ശ്രദ്ധയിൽപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ പ്രപ്പോസൽ തയ്യാറാക്കി റവന്യൂ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണെന്ന നിർദ്ദേശം നല്കേണ്ടതാണെന്നും അറിയിക്കുന്നു.*

*ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്."*

5. ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിച്ച്, ഇതുവരെ ധനസഹായം ലഭിച്ചിട്ടില്ലാത്തവരായ 30,000 കലാകാരന്മാർക്ക് കൂടി പ്രതിമാസം 1000/- രൂപ വീതം രണ്ട് മാസത്തേയ്ക്കും BPL (PHH), അന്ത്യോദയ അന്നയോജന വിഭാഗത്തിൽ നിന്നും ഇതിനകം 1000/- രൂപ സഹായം ലഭിച്ചവർക്ക് ബാക്കി 1000/- രൂപ മാത്രവും സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിക്കായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 600 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള സാംസ്കാരിക ഡയറക്ടറുടെ ശിപാർശയിന്മേൽ 1000 രൂപ വീതം അനുവദിക്കാവുന്നതാണെന്ന് ബഹു. ധനകാര്യ

വകുപ്പ് മന്ത്രി അറിയിച്ചിരുന്നു. ബഹു.മുഖ്യമന്ത്രിയും ഇക്കാര്യം അംഗീകരിച്ചിരുന്നു. അതനുസരിച്ച് CMDRF ൽ നിന്ന് 3,00,00,000/- രൂപ അനുവദിക്കുന്നതിനായി ഫയൽ റവന്യൂ വകുപ്പിന് കൈമാറിയപ്പോൾ, ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ട ഫയൽ തിരികെ ലഭ്യമാക്കി.

*"കോവിഡ്-19 പ്രതിരോധ നടപടികളുടെ ഭാഗമായി കൈക്കൊണ്ട നിയന്ത്രണങ്ങൾ മൂലം ഉപജീവനത്തിന് ബുദ്ധിമുട്ടുന്നവരും മുൻപ് ഈയിനത്തിൽ സമാശ്വാസ ധനസഹായം ലഭിച്ചിട്ടില്ലാത്തവരുമായ 30,000 (മുപ്പതിനായിരം) കലാകാരൻമാർക്ക് , 1000 /-രൂപ ( ആയിരം രൂപ മാത്രം ) വീതം സമാശ്വാസ ധനസഹായം നൽകുന്നതിനായി 3,00,00,000 /-രൂപ (മൂന്ന് കോടി രൂപ മാത്രം ) സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുവദിച്ച് നൽകുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്. ആയതിനാൽ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് അംഗീകാരം നേടിയ ശേഷം, ഉത്തരവ് പുറപ്പെടുവിച്ച് ആയത് സഹിതം, തുക അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി, ഫയൽ ഈ വകുപ്പിലേക്ക് നൽകുവാൻ അറിയിച്ചു കൊണ്ട് സാംസ്കാരിക വകുപ്പിന്റെ ഫയൽ മടക്കി നൽകുന്നു."*

6. കോവിഡ്-19 നിയന്ത്രണങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്നതും ഇതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 30,000 കലാകാരൻമാർക്ക് കൂടി സമാശ്വാസ ധനസഹായമായി 1000/- രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് 3,00,00,000/- രൂപ (മൂന്ന് കോടി രൂപ മാത്രം) ലഭ്യമാക്കിക്കൊണ്ട് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## <u>തീരുമാനമെടുക്കേണ്ട വിഷയം</u>

കോവിഡ്-19 നിയന്ത്രണങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്നതും ഇതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 30,000 കലാകാരൻമാർക്ക് കൂടി സമാശ്വാസ ധനസഹായമായി 1000/- രൂപ വീതം, ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് 3,00,00,000/- രൂപ (മൂന്ന് കോടി രൂപ മാത്രം) ലഭ്യമാക്കിക്കൊണ്ട് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകാമോ?

# GOVERNMENT OF KERALA
## (SHRI. PINARAYI VIJAYAN MINISTRY)
## NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No | : | **103/C3/2020/CLAD** |
| 2 | Department | : | Cultural Affairs (C) Department |
| 3 | Subject | : | Proposal to implement the Scheme to provide financial assistance of Rs.1000/- each to 30000 more number of artists who face difficulties in view of the Covid related lock down, and who have not received any assistance so far, by providing an amount of Rs.3,00,00,000/- (Rupees Three Crores only) from Chief Minister's Distress Relief Fund to the Director of Culture – reg. |
| 4 | Date of Chief Minister's Order for placing before the Council | : | 25/09/20 |
| 5 | Does the case involve financial commitments/implications and if so, has the Finance Department been consulted and their remarks incorporated in the Note for the Council? | : | Yes<br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | : | Yes<br>: Yes |
| 7 | Name of Additional Secretary who submitted the Draft Note | : | Sri. Ajith.K.Joseph |
| 8 | Name of Secretary who approved the Draft Note | : | Smt. Rani George |
| 9 | Date of approval of the Draft Note for the Council by the Secretary | : | 19/10/20 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. Vishwas Mehta |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 28/10/20 |
| 12 | Name of Minister who approved the Draft Note | : | Sri. A. K. Balan |
| 13 | Date of approval of the Draft Note for the Council by the Minister | : | 29/10/20 |
| 14 | Date of submission of fair copies | : | 30/10/20 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./Letter communicating the decision | : | |

## Note for Council of Ministers

This note is in relation to the proposal to implement the Scheme to provide financial assistance of Rs.1000/- each to 30,000 more number of artists who have not received any assistance so far, and facing difficulties in view of the Covid related lock down, by providing an amount of Rs.3,00,00,000/- (Rupees Three Crores only) from Chief Minister's Distress Relief Fund to the Director of Culture.

2. A financial assistance scheme for artists, who face difficulties due to covid related lock down, has already been implemented through the Director, Culture department, vide GO(Rt)191/2020/CLAD dated 16.04.2020 by reappropriating 25% of the plan fund for the year 2020-21 of various academies under Cultural Affairs Department, amounting to Rs.645 lakhs (Rupees six hundred and forty five lakhs only), providing an amount of Rs.1000/-( Rupees one thousand only) each, for two months to the 32,000 artists who had applied for assistance.

3. The Director, Culture has requested Government to allot Rs.10,00,00,000/- (Rupees Ten Crores only) more fund from the Hon'ble Chief Minister's Distress Relief Fund for disbursing an amount of Rupees 1000/- per month for two months to the 50,000 more artists, in the field of Cinema, Serial, Magic, Choir etc. who are not directly related to the Academies or Kerala State Cultural Activists Welfare Fund Board. Finance department opined on the proposal of the Director Culture as follows;

> " റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് CMDRF ൽ നിന്നും തുക അനുവദിക്കുന്നതെന്നതിനാൽ റവന്യൂ (ഡി.ആർ.എഫ്.) വകുപ്പിന്റെ അഭിപ്രായം സഹിതം അടിയന്തിരമായി ഫയൽ പുന:സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു. "

4. When the file was forwarded to Revenue (DRF) Department for opinion as instructed above, that department returned the file pointing out that finance department issued a general order in this regard. As the financial assistance of Rs.1000/- as per the said general order is given only to the BPL (PHH), AAY families who are not getting any social security pension, the Revenue Department was again requested to re examine the case. Revenue department retransmitted the file with remarks offered to that department by Finance department in this subject. Said opinion of the Finance Department is as follows;

> *"സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, വിവിധ കലാ സാംസ്കാരിക അക്കാഡമികൾ എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരും എന്നാൽ കോവിഡ്-19 മഹാമാരി മൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ടവരുമായ കലാകാരന്മാർക്ക് ഒരു സമാശ്വാസ തുകയായി പ്രതിമാസം 1000/-വീതം രണ്ട് മാസത്തേയ്ക്ക് ബഹു.മുഖ്യമന്ത്രിയുടെ*

ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്നതിനുള്ള പദ്ധതി 05.05.2020-ലെ സ.ഉ.(സാധാ) നം.2947/2020/ധന ഉത്തരവിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുകയില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. എന്നാൽ, കോവിഡ്-19 മഹാമാരി മൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കലാകാരൻമാർക്ക് പ്രതിമാസം 1000/-രൂപ വീതം രണ്ട് മാസം അടിയന്തിര ധന സഹായം ലഭ്യമാക്കുന്നതാണെന്ന് ബഹു.മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ വിഭാഗത്തിലുള്ള കലാകാരൻമാർക്ക് ധന സഹായം നൽകുന്നതിന് ധനകാര്യ വകുപ്പിന് വിയോജിപ്പില്ല എന്നും അറിയിക്കുന്നു.

എന്നാൽ, 05.05.2020-ലെ സ.ഉ.(സാധാ) നം.2947/2020/ധന ഉത്തരവിന്റെ പരിധിയിൽ മേല്പറഞ്ഞ കലാകാരന്മാരുടെ കുടുംബങ്ങളും ഉൾപ്പെടാൻ സാധ്യതയുണ്ട്. ആയതിനാൽ സാമൂഹ്യ സുരക്ഷാ പെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കുന്നവരെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ല എന്നും മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള 1000/-രൂപ ലഭിക്കുന്ന കുടുംബത്തിലെ അംഗമായ കലാകാരന് ബാക്കി 1000/-രൂപയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കു എന്ന നിലയിലും മേൽ സഹായം പരിമിതപ്പെടുത്തേണ്ടതുണ്ട്. കലാകാരന്മാർക്ക് സമാശ്വാസം അനുവദിക്കുന്ന പദ്ധതിയിൽ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനായി ആധാർ അധിഷ്ഠിത ഡി.ബി.ടി. മാർഗ്ഗങ്ങൾ അവലംബിച്ചു മാത്രമേ ധന സഹായം അനുവദിക്കാവൂ എന്നത് ഭരണ വകുപ്പിന്റെ (സാംസ്കാരിക കാര്യ വകുപ്പ്) ശ്രദ്ധയിൽപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ പ്രപ്പോസൽ തയ്യാറാക്കി റവന്യൂ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണെന്ന നിർദ്ദേശം നല്കേണ്ടതാണെന്നും അറിയിക്കുന്നു.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്. "

5. In pursuance to the directions of Finance Department, Director Culture has submitted a revised proposal for sanctioning Rs.6,00,00,000/- (Rupees Six Crores only) from CMDRF for disbursement of Rs.1000/- per month for two months to 30,000 artists those who are suffering from Covid – 19 related lock down and have not received any financial assistance in this regard so far. When the file was circulated, Hon'ble Minister (Finance) proposed for sanctioning only Rs.1000/- in each case. The Hon'ble Chief Minister agreed to this. Accordingly the file was forwarded to Revenue department for allocation of Rs.3,00,00,000/- ( Rupees Three Crores only) from CMDRF and that department returned the file with the following remarks;

" കോവിഡ്-19 പ്രതിരോധ നടപടികളുടെ ഭാഗമായി കൈക്കൊണ്ട നിയന്ത്രണങ്ങൾ മൂലം ഉപജീവനത്തിന് ബുദ്ധിമുട്ടുന്നവരും മുൻപ് ഈയിനത്തിൽ സമാശ്വാസ ധനസഹായം ലഭിച്ചിട്ടില്ലാത്തവരുമായ 30,000 (മുപ്പതിനായിരം) കലാകാരൻമാർക്ക്, 1000 /-രൂപ ( ആയിരം രൂപ

മാത്രം) വീതം സമാശ്വാസ ധനസഹായം നൽകുന്നതിനായി 3,00,00,000 /-രൂപ (മൂന്ന് കോടി രൂപ മാത്രം) സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുവദിച്ച് നൽകുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്. ആയതിനാൽ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് അംഗീകാരം നേടിയ ശേഷം, ഉത്തരവ് പുറപ്പെടുവിച്ച് ആയത് സഹിതം, തുക അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി, ഫയൽ ഈ വകുപ്പിലേക്ക് നൽകുവാൻ അറിയിച്ച് കൊണ്ട് സാംസ്കാരിക വകുപ്പിന്റെ ഫയൽ മടക്കി നൽകുന്നു.

6. In the circumstances, Hon'ble Chief Minister has ordered to place the proposal to implement the Scheme to provide financial assistance of Rs.1000/- each to 30,000 more number of artists who face difficulties in view of the Covid related lock down and who have not received any assistance so far, by providing an amount of Rs.3,00,00,000/- (Rupees Three Crores only) from Chief Minister's Distress Relief Fund to the Director of Culture, before the Council of Ministers for consideration.

## Point for Decision

Whether proposal to implement the Scheme to provide financial assistance of Rs.1000/- each to 30,000 more number of artists who face difficulties in view of the Covid related lock down and who have not received any assistance so far, by providing an amount of Rs.3,00,00,000/- (Rupees Three Crores only) from Chief Minister's Distress Relief Fund to the Director of Culture, may be approved?